ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം. എഡി.സി5/16428/എച്ച്.എസ്.ഇ/2011** **തീയതി : 27/09/2011**

# <u>സർക്കുലർ</u>

വിഷയം:- ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം വിശദാംശങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) സർക്കുലർ നം. എഡി.സി5/16428/എച്ച്.എസ്.ഇ/2011 തീയതി 08/08/2011.
2) സർക്കുലർ നം. എഡി.സി5/16428/എച്ച്.എസ്.ഇ/2011 തീയതി 26/08/2011.

സൂചന (1) പ്രകാരം ഹയർ സെക്കന്ററി അദ്ധ്യാപകരുടെ 2011-2012 അദ്ധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം നടത്തുന്നതിന് മുന്നോടിയായി എല്ലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരോടും അതത് സ്കൂളുകളിലെ നിലവിലുള്ള എച്ച്.എസ്.എസ്.ടി/എച്ച്.എസ്.എസ്.ടി (ജൂനിയർ) അദ്ധ്യാപകരുടെ വിശദാംശങ്ങളും ഒഴിവുകളും രണ്ടാം ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണവും അപ്ലോഡ് ചെയ്യുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രിൻസിപ്പൽമാർ ഡേറ്റാ അപ്ലോഡ് ചെയ്തതിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ സൂചന (2) പ്രകാരം ഒരവസരം കൂടി നൽകിയിരുന്നു. എന്നിട്ടും ചില പ്രിൻസിപ്പൽമാർ ഡേറ്റാ പരിശോധിച്ച് തെറ്റു കൂടാതെ അപ്ലോഡ് ചെയ്തതായി കാണുന്നില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. അതിനാൽ തസ്തിക, അദ്ധ്യാപകരുടെ വിശദാംശങ്ങൾ, ഒഴിവുകൾ എന്നിവയെ സംബന്ധിച്ച ഏതെങ്കിലും വിവരങ്ങൾ തെറ്റായി അപ്ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ അവ തിരുത്തിയ ശരിയായ പകർപ്പ് രണ്ടു ദിവസത്തിനകം dhse_a@yahoo.com ലേക്ക് ഇ-മെയിൽ ചെയ്തു തരേണ്ടതാണ്. കൂടാതെ വിട്ടുപോയ എതെങ്കിലും വിശദാംശങ്ങൾ പുതിയതായി ഉൾപ്പെടുത്തണമെങ്കിൽ അവയുടെ വിശദാംശങ്ങളും ഇതോടൊപ്പം ഇ -മെയിൽ ചെയ്യേണ്ടതുണ്ട്.

അനുകമ്പാർഹ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്ന അദ്ധ്യാപകർ പൊതുസ്ഥലമാറ്റത്തിന് അപേക്ഷിച്ചതിന്റെ Hard copy യും മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രിൻസിപ്പൽ മുഖാന്തിരം 04/10/2011 ന് മുൻപായി ഹയർ സെക്കന്ററി ഡയറക്ടർക്ക് അയച്ചു തരേണ്ടതാണ്. സ്ഥലമാറ്റത്തിന് അപേക്ഷിക്കുന്ന എല്ലാ അദ്ധ്യാപകരും സ്ഥലംമാറ്റ അപേക്ഷയുടെ Print out ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

**ഒപ്പ്**
**ഡയറക്ടർ**

പകർപ്പ് :

എല്ലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും